**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ - *494**

**23/07/2015 ൽ മറുപടിയ്ക്ക്**

## ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സംരംഭങ്ങൾ

| **ചോദ്യം**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.എം.എ.വാഹിദ്**<br>**ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.സി.പി.മുഹമ്മദ്** | **ഉത്തരം**<br>**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**<br>**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ പരിപാടികൾ നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) 1. സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3.സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുക.<br>4.തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുക, അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുക.<br>5.ചെറുകിട വ്യവസായമേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക. |

| | | |
|---|---|---|
| (സി) | പരിപാടിയുമായി സഹകരിച്ചത് ആരെല്ലാമാണെന്ന് വിശദമാക്കമോ ? | (സി) കേന്ദ്ര ഖാദി കമ്മീഷൻ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള മറ്റ് ബാങ്കുകളുടേയും പരിപൂർണ്ണ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ